# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6/957/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/11/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി6/957/2024 തീയ്യതി: 07/11/2024

## ഇടുക്കി ജില്ലയിലെ പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പാമ്പാട്ടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി. കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-09-2024 | 07-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-09-2024 | 07-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാജീവ് എം.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ.സലീഷ് എം.ജി, ഓഡിറ്റ് ഓഫീസർ

ശ്രീ.അഭിലാഷ് എം. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അലി എ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.എസ്. മോഹനൻ | പ്രസിഡന്റ് | 01-04-2023 | 30-09-2023 |
| ശ്രീമതി സരിത രാജേഷ് | പ്രസിഡന്റ് | 01-10-2023 | 18-11-2023 |
| ശ്രീ.പി.റ്റി. ഷിഹാബ് | പ്രസിഡന്റ് | 19-11-2023 | 31-03-2024 |
| ശ്രീ.സുരേഷ് വി. | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീമതി സിമി കെ. ജോർജ്ജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2023 | 11-07-2023 |
| ശ്രീ.മണിയപ്പൻ പി. പി. | സെക്രട്ടറി | 12-07-2023 | 20-11-2023 |
| ശ്രീമതി സിമി കെ. ജോർജ്ജ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2023 | 02-01-2024 |
| ശ്രീ.ജിജോമോൻ റ്റി. റ്റി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-01-2024 | 17-01-2024 |
| ശ്രീ.സ്റ്റാലിൻ ജോസ് ഇ. റ്റി. | സെക്രട്ടറി | 18-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിമി കെ. ജോർജ്ജ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2023 | 17-01-2024 |
| ശ്രീ.ജിജോമോൻ റ്റി. റ്റി. | അസിസ്റ്റൻറ് സെക്രട്ടറി | 18-01-2024 | 31-03-2024 |
| ശ്രീമതി ഗീതു ജെ. പണിക്കർ | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീമതി ശശികല കെ.എസ്. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. മുരുകൻ എസ്. | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി ബോൺസി ജോസഫ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.അരുൺ പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ദീപ്തി എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 17-10-2023 |
| ഡോ.അപർണ്ണ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 18-10-2023 | 31-03-2024 |
| ഡോ.ആൻസി തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-05-2023 |
| ഡോ.ഹരികുമാർ ജി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-06-2023 | 31-03-2024 |
| ഡോ.പ്രശാന്ത് വി.കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീ.അഖിൽ ശശി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സൌമ്യ റേച്ചൽ വർഗ്ഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | പണമാക്കാത്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-4 |
| 6 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-5 |
| 7 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-6 |
| 8 | B5,B16 തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-8 |
| 10 | ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല | 1-1-9 |
| 11 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബഡ്ജറ്റ് | 1-2 |
| 13 | ഗ്രാന്റ് വിനിയോഗം | 1-3 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-6 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച് | 1-9 |
| 21 | ജി.എസ്.റ്റി ഈടാക്കിയതിൽ കുറവ് | 1-10 |
| 22 | ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകി | 1-11 |
| 23 | പമ്പ് സെറ്റ് വിതരണം പൂർത്തിയാക്കിയില്ല- ₹95200/- യുടെ ചെലവ് തടസ്സം | 1-12 |
| 24 | കർഷകർക്ക് വാഴവിത്ത് വിതരണം | 1-13 |
| 25 | എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 1-14 |
| 26 | വൈദ്യുതീകരണ പ്രവർത്തികൾക്ക് അധികം തുക അനുവദിച്ചു-നഷ്ടം ₹36445 | 1-15 |
| 27 | വാഹനവാടകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 28 | വീട് അറ്റകുറ്റപ്പണി പൂർത്തീകരിക്കാാത്തത് സംബന്ധിച്ച് | 1-17 |
| 29 | ലൈഫ് ഭവനനിർമ്മാണം,വീട് അറ്റകുറ്റപ്പണി എന്നിവ പൂർത്തീകരിക്കാാത്തത് സംബന്ധിച്ച് | 1-18 |
| 30 | ഭവനനിർമ്മാണത്തിന് അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് സംബന്ധിച്ച് | 1-19 |
| 31 | ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു | 1-20 |
| 32 | കോൺക്രീറ്റ് വർക്കുകൾക്കായി മെറ്റീരിയൽ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും മേൽപ്രകാരം ജി.എസ്.ടി കുറവ് വരുത്തിയിട്ടില്ല | 1-21 |
| 33 | BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം-നടപ്പിലാക്കിയിട്ടില്ല | 1-22 |
| 34 | പാലിയേറ്റീവ് പരിചരണത്തിൽ-അപാകതകൾ | 1-23 |
| 35 | പാലിയേറ്റീവ് നഴ്സിനു ഫോൺ അലവൻസ് അധികം തുക നൽകി | 1-24 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – ആകെ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1-25 |
| 37 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല വിശദാംശം ലഭ്യമാക്കേണ്ടതു സംബന്ധിച്ച്. | 1-26 |

| | | |
|---|---|---|
| 38 | സ്ഥിര നിക്ഷേപം വിവിധ അപാകങ്ങൾ സംബന്ധിച്ച് | 1-27 |
| 39 | നിക്ഷേപിച്ച ചെക്കുകൾ ക്രഡിറ്റായിട്ടില്ല | 1-28 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വൈദ്യുതീകരണ പ്രവർത്തികൾക്ക് അധികം തുക അനുവദിച്ചു-നഷ്ടം ₹36445 | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണ സമിതിയുടെ 11.07.2024-ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13.07.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പാമ്പാടുംപാറ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

തൊടുപുഴ

07.11.2024

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രിക യോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2)(ഇ) (എഫ്)എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല.**

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാലും തുടർന്ന് കാലികമാക്കാതിരുന്നതിനാലും ബാലൻസ് ഷീറ്റിലെ ആസ്തിബാധ്യത കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase/(decrease) In Cash And Cash Equivalents ' -ൽ രേഖപ്പെടുത്തിയ തുകയും(₹8435882/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' -ൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹(-)5458591/-) തുല്യമല്ല. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പത്രിക പ്രകാരം സാമ്പത്തിക വർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-4 പണമാക്കാത്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

വലിയ തോവാള സർവ്വീസ് സഹകരണ ബാങ്കിലെ 5, 4414 എന്നീ അക്കൌണ്ടുകളിൽ 2024 ജൂലൈ മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്ന ഗണത്തിൽ കാലഹരണപ്പെട്ട ചെക്കുകൾ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ – 5 | | | | |
|---|---|---|---|---|
| വൗച്ചർ നമ്പർ | തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | തീയതി | തുക₹ |
| 1230301916 | 17-02-2024 | 5182198 | 15-02-2024 | 11,000.00 |
| 1240300299 | 05-06-2024 | 637798 | 01-06-2024 | 1,500.00 |
| 1230000101 | 31-10-2023 | 199 | 30-09-2023 | 33,800.00 |
| 1230300889 | 02-12-2023 | 875668 | 01-12-2023 | 1,500.00 |
| 1230300284 | 12-07-2023 | 875398 | 07-07-2023 | 1,501.00 |
| 117150400007 | 02-03-2018 | 061824 | 08-01-2018 | 7,500.00 |
| 1210102279 | 07-03-2022 | 1856586 | 05-03-2022 | 11,700.00 |
| 1220102473 | 22-02-2023 | 3618317 | 21-02-2023 | 25,000.00 |
| 1230300593 | 23-09-2023 | 737960 | 23-09-2023 | 90,650.00 |
| അക്കൗണ്ട് നമ്പർ – 4414 | | | | |
| 1240300017 | 08-04-2024 | 875994 | 05-04-2024 | 1,500.00 |

### 1-1-5 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നതായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആസ്തി ഇനം | ആസ്തി തുക(₹) | ഡിപ്രിസിയേഷൻ (₹) |
|---|---|---|
| 410800101-അദർ ഫിക്സഡ് അസറ്റ്സ് | 644376 | 1149861 |
| വാട്ടർവേയ്സ് | - | 5737994 |

### 1-1-6 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31.03.2024ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും പരിശോധിക്കുവാൻ സാധിക്കുന്നില്ല.

**1-1-7 B5,B16 തുകകൾ പൊരുത്തപ്പെടുന്നില്ല.**

ബാലൻസ് ഷീറ്റിലെ B5 – Secured Loan ഇനത്തിൽ ₹36137758/- യും B16 Prepaid Expences ഇനത്തിൽ ₹35882221/- മാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**1-1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

**1-1-9 ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല**

ബാലൻസ് ഷീറ്റ് B-12 പ്രകാരം ₹2082166/- ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പ് ഉണ്ട്. ഫിക്സഡ് ഡെപ്പോസിറ്റ് നിക്ഷേപിച്ചിരിക്കുന്നത് ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്കിലും പഞ്ചായത്ത് എപ്ലോയിസ് സഹകരണ സൊസൈറ്റി തൊടുപുഴ ബ്രാഞ്ചിലുമാണ്. ആയതിനാൽ ഫിക്സഡ് ഡെപ്പോസിറ്റിന്റെ നിജസ്ഥിതി പരിശോധിക്കുവാൻ സാധിച്ചില്ല. 28.02.2022 ലാണ് ഫിക്സഡ് ഡെപ്പോസിറ്റ് അവസാനമായി പുതുക്കിയിട്ടുള്ളത്.

**1-1-10 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്-കണക്കുകൾ പൊരുത്തപ്പെടുന്നില്ല**

തൻ വർഷം 6 പൊതുമരാമത്ത് പ്രവൃത്തികളിലായി ₹3082345/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-in- Progress എന്ന ശീർഷകത്തിൽ ₹2374444/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

**1-2 ബഡ്ജറ്റ്**

25.03.2023 -ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവതരിപ്പിച്ച ₹375656.55/- മുന്നിരിപ്പും ₹223490012/- വരവും ₹223923500/- ചെലവും ₹3323168.55/- നീക്കിയിരിപ്പും പ്രതീക്ഷിച്ച ബജറ്റ് 29.03.2023 – ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. തൻവർഷത്തെ പുതുക്കിയ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച തീയതി/തീരുമാനം | 05.02.2024/II |
| ബജറ്റ് പുതുക്കിയ തിയതി/കമ്മിറ്റി തീരുമാനം നമ്പർ | 07.03.2024/3(1) |

| ഇനം | ബജറ്റ് പ്രകാരം (പുതുക്കിയത്) ₹ |
|---|---|
| മുന്നിരിപ്പ് | 9516481 |
| വരവ് | 225358012 |
| ആകെ | 234874493 |
| ചെലവ് | 233224500 |
| നീക്കിയിരിപ്പ് | 1649993 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നിക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | | 16523000 | 16523000 | 15866920 | 656080 |
| | എസ്.സി.പി | | 7480000 | 7480000 | 5738659 | 1741341 |
| | ടി.എസ്.പി | | 325000 | 325000 | 243799 | 81201 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | | 19616350 | 19616350 | 12436125 | 7180225 |
| | റോഡിതരം | | 11506000 | 11506000 | 5339460 | 6166540 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധിരഹിതം | 2790400 | 3019395 | 5809795 | 368274 | 5441521 |
| | ഉപാധി | 5615840 | 2052000 | 7667840 | 810974 | 6856866 |
| ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് | അടിസ്ഥാന സൗകര്യം | 56403 | 836841 | 893244 | 463041 | 430203 |
| | വെൽനസ് | 212976 | 361924 | 574900 | 0 | 574900 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം | | 28007 | | 28007 | 0 | 28007 |
| ഐ.സി.ഡി.എസ് | | 1688352 | 1293505 | 2981857 | 693762 | 2288095 |
| ശുചിത്വ മിഷൻ | | 2078781 | 0 | 2078781 | 0 | 2078781 |
| ക്രിമറ്റേറിയം | | 1300000 | 0 | 1300000 | 0 | 1300000 |
| ജലനിധി | | 3367802 | 90970 | 3458772 | 59100 | 3399672 |
| സമ്പൂർണ്ണ ശുചിത്വം | | 547152 | 0 | 547152 | 0 | 547152 |
| ദുരിതാശ്വാസം | | 58564 | 0 | 58564 | 0 | 58564 |
| ലൈഫ് സ്റ്റേറ്റ് വിഹിതം | | 0 | 4000000 | 4000000 | 2990000 | 1010000 |
| കുടുംബശ്രീ ചലഞ്ച് | | 3279391 | 1333333 | 5112724 | 0 | 5112724 |
| ആയുഷ് | | | 500000 | | | |
| കേരളോൽസവം | | 0 | 50000 | 50000 | 50000 | 0 |

15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലെ ചെലവ് AFS പ്രകാരം ₹1179248/-ഉം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ₹1148523/- ഉം ആണ്. തമ്മിൽ ₹33425/- വ്യത്യാസം കാണുന്നു.

**1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

**വികസന ഫണ്ട് -പൊതുവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 5507700 | ₹365000 (അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹1205166 (ലൈഫ് വായ്പ തിരിച്ചടവ്) | 3937534 |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 5507700 | ₹365000 (അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹1205166 (ലൈഫ് വായ്പ തിരിച്ചടവ്) | 3937534 |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 5507600 | ₹365000 (അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹1205165 (ലൈഫ് വായ്പ തിരിച്ചടവ്) | 3937435 |

**വികസന ഫണ്ട് – പട്ടിക ജാതിവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 2493300 | ₹231560 (ലൈഫ് വായ്പ തിരിച്ചടവ്) | 2261740 |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 2493300 | ₹231560 (ലൈഫ് വായ്പ തിരിച്ചടവ്) | 2261740 |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 2493400 | ₹231560 (ലൈഫ് വായ്പ തിരിച്ചടവ്) | 2261840 |

**വികസന ഫണ്ട് – പട്ടിക വർഗ്ഗവിഭാഗം**

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 3113/2023/ധനം തീ: 19.04.2023 | 108300 | ₹47933 (ലൈഫ് വായ്പ | 60367 |

| | | | | |
|---|---|---|---|---|
| | | | തിരിച്ചടവ്) | |
| 2 | സ.ഉ (സാധാ) 5637/2023/ധനം തീ: 29.07.2023 | 108300 | ₹47933 (ലൈഫ് വായ്പ തിരിച്ചടവ്) | 60367 |
| 3 | സ.ഉ. (സാധാ) 2858/2024/ധനം തീ:22.03.2024 | 108400 | ₹47933 (ലൈഫ് വായ്പ തിരിച്ചടവ്) തിരിച്ചടവ്) | 60467 |

**2. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല**

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-4 പദ്ധതി അവലോകനം**

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| 227 | 154344556 | 91 | 51371304 | 40.08 |

**എ. വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | അടങ്കൽ (₹) | ചെലവ്(₹) | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 5699680 | 3260977 | 57.21 |
| വെറ്ററിനറി സർജൻ | 3 | 1 | 1940700 | 300000 | 15.46 |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 14 | 11 | 3518000 | 2955958 | 84.02 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1 | 361100 | 300000 | 83.08 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 1850000 | 1824267 | 98.61 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 5582900 | 4183391 | 74.93 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1800000 | 938176 | 52.12 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 20 | 6745704 | 6775994 | 100.45 |
| വി ഇ ഓ | 25 | 10 | 64299282 | 14768912 | 22.97 |
| ഹെഡ് മാസ്റ്റർ ഗവ, എൽ,പി സ്കൂൾ | 3 | 0 | 90600 | 0 | 0.00 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 33 | 60834090 | 15668629 | 25.76 |
| അസി. സെക്രട്ടറി | 3 | 1 | 1622500 | 395000 | 24.35 |
| **ആകെ** | **227** | **91** | **154344556** | **51371304** | **33.28** |

### ബി. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| മേഖല | വിഭാഗം | ആകെ പദ്ധതികൾ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉൽപാദനം | പൊതു വിഭാഗം | 12 | 10992880 | 4714732 | 42.89 |
| സേവനം | പൊതു വിഭാഗം | 150 | 72710917 | 24619248 | 33.86 |
| | പട്ടിക ജാതി | 13 | 31210318 | 8165414 | 26.16 |
| | പട്ടിക വർഗ്ഗം | 06 | 2983680 | 243799 | 08.17 |
| | ആകെ | 169 | 106904915 | 33028461 | 30.90 |
| പശ്ചാത്തലം | പൊതു വിഭാഗം | 45 | 36260241 | 13504866 | 37.24 |
| | പട്ടിക ജാതി | 1 | 186520 | 123245 | 66.08 |
| | ആകെ | 46 | 36446761 | 13628111 | 37.39 |
| **ഒട്ടാകെ** | | **227** | **154344556** | **51371304** | **33.28** |

### സി. പ്രത്യേക ഘടക പദ്ധതി ചെലവ് വിവരം

| ഘടകം | ആകെ പദ്ധതി | നടപ്പാക്കിയ പദ്ധതി | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 4 | 1 | 2743200 | 98997 | 03.61 |
| കുട്ടികൾ | 4 | 2 | 1132000 | 509578 | 45.02 |
| വൃദ്ധർ | 4 | 3 | 1157000 | 984383 | 85.08 |
| ആകെ | 12 | 06 | 5032200 | 1592958 | 31.66 |

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 516341 | 654579 | 1170920 | 1169634 | 1286 |
| അവിദഗ്ധ തൊഴിലാളി | 0 | 34427000 | 34427000 | 34427000 | 0 |
| വിദഗ്ധ തൊഴിലാളി | 0 | 760000 | 760000 | 760000 | 0 |
| മെറ്റീരിയൽ വേല | 0 | 2391055 | 2391055 | 2391055 | 0 |
| **ആകെ** | **-** | **-** | **38748975** | **38747689** | **1286** |

### 1-6 സാമൂഹ്യ സുരക്ഷാ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2021 | 20972800 |
| കർഷക തൊഴിലാളി പെൻഷൻ | 220 | 2320400 |
| വിധവാ പെൻഷൻ | 773 | 7851000 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19 | 186600 |
| വികലാംഗപെൻഷൻ | 268 | 2948100 |

### 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-09-2024-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹15372/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണം

പതിനാറംഗ സമിതിയാണ് ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ കമ്മറ്റികൾ നടക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും കൃത്യമായി യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരുതവണ മാത്രമാണ് കൂടുന്നത്.

വരവ് -ചെലവ് കണക്കുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, ഹെഡ് ക്ലാർക്ക്,

അക്കൗണ്ടന്റ് മൂന്ന് സീനിയർ ക്ലാർക്ക്, മൂന്ന് ക്ലർക്ക്, രണ്ട് ഓഫീസ് അറ്റന്റന്റ് , പാർട്ട് ടൈം ലൈബ്രേറിയൻ, മൂന്ന് പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നു. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകി കാര്യക്ഷമമായ പ്രവർത്തനം നടത്തി വരുന്നു. ഓഫീസ് പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

സ്ഥിര നിക്ഷേപ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനവും തിരിച്ച് ലഭ്യമാക്കിയില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലഹരണപ്പെടുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല.

**1-9 പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കാത്തത് സംബന്ധിച്ച്**

20.03.2023 ലെ സ.ഉ(കൈ)നം.77/2023 ഉത്തരവ് പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും. തുടർന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 20-ാം വകുപ്പ് (2) ഉം (4) ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ, ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2023 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് 05.04.2024 ലെ സ.ഉ(അച്ചടി)നം.25/2023 പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 18.04.2023 ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം പാമ്പാടുംപാറ ഗ്രാമ പഞ്ചായത്തിന്റെ 01.04.2023 പ്രാബല്യത്തിലുള്ള വസ്തുനികുതി നിരക്കുകൾ 25.05.2023 ലെ നമ്പർ എസ്.സി.2 – 2089/2023 മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന പുതുക്കിയ നിരക്ക് ചതുരശ്ര മീറ്ററിന് 7 രൂപയാണ്. 2023-24 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് 6 രൂപ നിരക്കിൽ വസ്തു നികുതി

നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം | നമ്പർ അനുവദിച്ച തീയതി |
|---|---|---|---|
| 1 | 680 | 115.75 ച. മീ. | 05-05-2023 |
| 2 | 681 | 182.49 ച. മീ. | 10-05-2023 |
| 3 | 682 | 127.44 ച. മീ. | 10-05-2023 |
| 4 | 683 | 51 ച. മീ. | 23-06-2023 |
| 5 | 684 | 79.95 ച. മീ. | 27-06-2023 |

കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 07/04.09.2024 ന കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലെയും നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിക്കേണ്ടതും മേൽ സൂചിപ്പിച്ച പ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-10 ജി.എസ്.റ്റി ഈടാക്കിയതിൽ കുറവ്**

സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ വിതരണത്തിന്റെ ആകെ മൂല്യം രണ്ടര ലക്ഷം രൂപയിൽ കൂടുകയാണെങ്കിൽ 2%(ജി.എസ്.റ്റി) നികുതി ഈടാക്കേണ്ടതാണെന്ന് ജി.എസ്.റ്റി നിയമം 2017 സെക്ഷൻ 51(1) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ വയോധികർക്ക് കട്ടിൽ (പ്രോജക്ട് നം. 72/2024) എന്ന പദ്ധതിയിൽ കട്ടിൽ വിതരണം ചെയ്ത സ്ഥാപനം നൽകിയ ബില്ലിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദ വിവരം താഴെ നൽകുന്നു.

| ക്രമ നം | ബിൽ നമ്പർ തീയതി ARTCO | തുക ₹ | ട്രഷറി ബിൽ നം& തീയതി |
|---|---|---|---|
| 1 | ALP 434 Dt:14.02.2024 | 148714 | 23100452008501513955 തീ 24.03.2024 ₹484383 |
| | ALP 435 Dt:14.02.2024 | 174208 | |
| | ALP 536 Dt:07.03.2024 | 161461 | |
| | **ആകെ** | **484383** | |

| | |
|---|---|
| ആകെ നൽകിയ തുക | ₹484383 |
| ഈടാക്കിയ നികുതി | ₹8210 |
| ഈടാക്കേണ്ട നികുതി (2%) | ₹9688 |

| | |
|---|---|
| കുറവ് | ₹1478 |

കുറവായി ഈടാക്കിയ നികുതി തുക₹1478/- ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11 ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകി

CGST Act, 2017ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഈടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം സന്യാസിയോട സമൃദ്ധി ന്യൂട്രിമിക്സ്,എന്ന സ്ഥാപനത്തിന് THRS വിതരണം ചെയ്ത ഇനത്തിൽ 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ കിലോഗ്രാമിന് ₹73.50 എന്ന നിരക്കിൽ താഴെ പറയും പ്രകാരം 9766 കിലോഗ്രാമിന് ആകെ ₹717801/- നൽകിയിരിക്കുന്നു.

| പദ്ധതി നമ്പർ & പദ്ധതി | ബിൽ നമ്പർ, തീയതി & തുക ₹ | സന്യാസിയോട സമൃദ്ധി ന്യൂട്രിമിക്സിന്റെ ബിൽ നം. & തീയതി | ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാം.) | നൽകിയ തുക ₹ (@73.5/-) | നൽകേണ്ട തുക ₹ (@70/-) | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|
| എസ് 10/2024 അങ്കണവാടി പോഷകാഹാര വിതരണം | 23100452008500194645 തീ 14.06.2023 ₹309774 | 1 തീ 12.04.2023 | 1158.5 | 85149.75 | 81095.00 | 4054.75 |
| | | 3 തീ 12.05.2023 | 945 | 69457.50 | 66150.00 | 3307.50 |
| | | 5 തീ 08.06.2023 | 1127 | 82834.50 | 78890.00 | 3944.50 |
| | 231004520085007610525 തീ 08.11.2023 ₹412566 | 15 തീ 07.07.2023 | 981 | 72103.50 | 68670.00 | 3433.50 |
| | | 28 തീ 04.10.2023 | 1179.5 | 86693.25 | 82565.00 | 4128.25 |
| | Vr 22300488 തീ 09.11.2023 ₹412566 | 43 തീ 08.12.2023 | 1134 | 83349.00 | 79380.00 | 3969.00 |
| | | 63 തീ 19.02.2024 | 1017 | 74749.50 | 71190.00 | 3559.50 |
| | Vr 22300884 തീ 26.03.2024 ₹277141 | 71 തീ 06.03.2024 | 1162 | 85407.00 | 81340.00 | 4067.00 |

| | | | | | | |
|---|---|---|---|---|---|---|
| എസ് 11/2024 അങ്കണവാടി പോഷകാഹാര വിതരണം (എസ്.സി) | 23100452008500977518 തീ 23.12.2023 ₹385416/- | 36 തീ 10.11.2023 | 1062 | 78057.00 | 74340.00 | 3717.00 |
| | **ആകെ** | | **9766** | **717801.00** | **683620.00** | **34181.00** |

ജി.എസ്.ടി.-ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി. ഇനത്തിൽ തുക നൽകിയത് മൂലം ₹34181/- അധികമായി നൽകിയിട്ടുണ്ട്. അധികം നൽകിയ ₹34181/- തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിവരമറിയിക്കേണ്ടതാണ്. ₹34181/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-12 പമ്പ് സെറ്റ് വിതരണം പൂർത്തിയാക്കിയില്ല- ₹95200/- യുടെ ചെലവ് തടസ്സം**

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം | 195/2024 |
| പദ്ധതി | മോട്ടോർ പമ്പ് വിതരണം ( സ്പിൽ ഓവർ) |
| അടങ്കൽ | ₹184000 (വികസന ഫണ്ട്)<br>₹184000 ( ഗുണഭോക്തൃ വിഹിതം) |
| ബിൽ റഫറൻസ് നം/തീയതി/തുക | 23100452008101039835 തീ : 02.12.2023 ₹183600/- |

മേൽ പദ്ധതി പ്രകാരം തൊടുപുഴ കെയ്കോയിൽ നിന്ന് ₹13600/- നിരക്കിൽ 27 മോണോബ്ലോക്ക് പമ്പ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. (സ്ഥാപന ബിൽ നമ്പർ 56/ തീ : 01.12.2023, തുക ₹367200/-). വാങ്ങിയ 27 മോണോബ്ലോക്ക് പമ്പ് സെറ്റുകളിൽ 13 എണ്ണം മാത്രമാണ് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയിട്ടുള്ളത്. ബാക്കിയുള്ള 14 പമ്പുകളിൽ 13 എണ്ണം കൃഷി ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. **(ചിത്രം കാണുക.)**





പ്രസ്തുത വിവരത്തിന് ഓഡിറ്റ് എൻക്വയറി (4/04.09.2024) നൽകിയതിന് താഴെ പരാമർശിക്കുന്ന മറുപടി ലഭ്യമാക്കി.

1. വിതരണം നടത്താത്ത 14 പമ്പ് സെറ്റുകൾക്ക് ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടയ്ക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്.

2. വിതരണം നടത്താത്ത 14 പമ്പ് സെറ്റുകളിൽ ഒരെണ്ണം ഗ്യാരണ്ടി കാലയളവിൽ കേടായപ്പോൾ റിപ്പയർ ചെയ്യുന്നതിനായി തിരികെ നൽകി. കമ്പനിയിൽ നിന്നും തിരികെ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

ഗുണഭോക്തൃവിഹിതം അടയ്ക്കാത്ത ഗുണഭോക്താക്കൾക്ക് വേണ്ടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് പമ്പ് സെറ്റുകൾ വാങ്ങിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഗുണഭോക്താക്കൾ വിഹിതം അടച്ചില്ലെങ്കിൽ വാങ്ങിയ പമ്പ് സെറ്റുകൾക്ക് നൽകേണ്ട ബാക്കി തുകയും വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകേണ്ട അവസ്ഥ സംജാതമാകുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്നും വിഹിതം ഈടാക്കി സ്ഥാപനത്തിൽ അടവാക്കി പമ്പ് സെറ്റുകൾ വിതരണം നടത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിതരണം നടത്താത്ത 14 പമ്പ് സെറ്റുകളുടെ വിലയിൽ വികസന ഫണ്ടിൽ നിന്നും നൽകിയ **₹95200/-** (14 X ₹13600 X 50%/-) ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 കർഷകർക്ക് വാഴവിത്ത് വിതരണം

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം | 124/2024 |
| പദ്ധതി | കർഷകർക്ക് വാഴവിത്ത് വിതരണം |
| അടങ്കൽ | ₹100000/- (വികസന ഫണ്ട്) |
| ബിൽ റഫറൻസ് നം./തീയതി/തുക | 23100452008101518263 തീ : 25.03.2024 ₹100000/- |

കർഷകർക്ക് വാഴവിത്ത് വിതരണം എന്ന പദ്ധതി നടത്തിപ്പിന്റെ ഫയലുകളും രജിസ്റ്ററുകളും കൃഷി ഓഫീസർ ഹാജരാക്കിയില്ല. ആയതിന് ഓഡിറ്റ് എൻക്വയറി (നം 06/04.09.2024) നൽകിയതിൻ പ്രകാരം ഏതാനും രേഖകൾ ഹാജരാക്കി. തൊടുപുഴ കെയ്ക്കോയിൽ നിന്നും 10.01.2024 – ലെ 101 നമ്പരായുള്ള ഇൻവോയ്സ് പ്രകാരം ₹15/- നിരക്കിൽ 6667 വാഴവിത്ത് വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതിയുടെ പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2. വാങ്ങിയ വാഴവിത്തുകൾ സ്റ്റോക്കിൽ എടുത്ത രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. ഗുണഭോക്താക്കളുടെ അപേക്ഷാ പരിശോധനയ്ക്ക് ഹാജരാക്കിയില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ നാമമാത്ര/ചെറുകിട കർഷകർ ആണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ഗുണഭോക്താക്കൾക്ക് വാഴവിത്തുകൾ വിതരണം നടത്തിയ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5. വാഴവിത്തുകൾ വാർഡ് മെമ്പർമാർ കൈപ്പറ്റിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| വാർഡ് | കൈപ്പറ്റിയ മെമ്പർ | എണ്ണം | കുറിപ്പ് |
|---|---|---|---|
| I | ശ്രീമതി ആരിഫ അയൂബ് | 216 | കൈപ്പറ്റ് രസീതിൽ ഒപ്പ് തീയതി ഇല്ല |
| II | ശ്രീമതി മിനി മനോജ് | 584 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| III | ശ്രീ ആനന്ദ് സി.വി | 308 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| V | ശ്രീമതി സോയിമോൾ സി.ബി | 55 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| VI | ശ്രീമതി എസ്. മോഹനൻ | 308 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| VII | ശ്രീമതി വിജി അനിൽകുമാർ | 124 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| VIII | ശ്രീമതി ഉഷാമണി രാജൻ | 193 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| IX | ശ്രീമതി സരിത രാജേഷ് | 308 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| X | ശ്രീമതി ഷൈനി സന്തോഷ് | 166 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| XI | ശ്രീ പി.റ്റി ഷിഹാബ് | 534 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| XII | ശ്രീ പി. സുന്ദരപാണ്ടി | 534 | കൈപ്പറ്റ് രസീതിൽ ഒപ്പ് തീയതി ഇല്ല |
| XIII | ശ്രീമതി മിനി സെബാസ്റ്റ്യൻ | 787 | കൈപ്പറ്റ് രസീതിൽ ഒപ്പ് തീയതി ഇല്ല |
| XIV | ശ്രീമതി റൂബി ജോസഫ് | 695 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| XV | ശ്രീമതി ജോയിമ്മ എബ്രഹാം | 396 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |
| XVI | ശ്രീ ജോസ് ജോസഫ് | 557 | കൈപ്പറ്റ് രസീതിൽ തീയതി ഇല്ല |

| | ആകെ | 5765 | |
|---|---|---|---|

6. ആകെ 6667 വാഴവിത്ത് വാങ്ങിയതിൽ 5765 വാഴവിത്തുകൾ വാർഡ് മെമ്പർമാർ കൈപ്പറ്റിയ അവ്യക്തമായ വിവരം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.
7. ബാക്കിയുള്ള വാഴവിത്തുകൾ എല്ലാം വാർഡ് നാലിലെ മെമ്പർ ശ്രീ യശോധരൻ കൈപ്പറ്റിയതായി എക്സിറ്റ് മീറ്റിംഗ് സമയത്ത് രേഖ ഹാജരാക്കി.

ഓരോ ഗുണഭോക്താവിനും എത്ര എണ്ണം വിത്തുകൾ ലഭിച്ചു എന്നത് അവ്യക്തമാണ്. ആയതിനാൽ പദ്ധതിക്കായി വാഴവിത്തുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ₹100000/-യുടെ ചെലവ് തടസ്സം ചെയ്യുന്നു.

**1-14 എച്ച് എം സി കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല**

പാമ്പാടുമ്പാറ ഗ്രാമ പഞ്ചായത്തിലെ കല്ലാർ സർക്കാർ ആയുർവേദ ആശുപത്രി മാനേജ്മെൻറ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ നാളിതുവരെയും ഓഡിറ്റിന് വിധേയമാക്കപ്പെട്ടിട്ടില്ല എന്ന് നിരീക്ഷിക്കുന്നു. 7 ഡോക്ടർമാരും 30 കിടക്കകളുമുള്ള ഈ സർക്കാർ ആശുപത്രി പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരം ബജറ്റ് പാസ്സാക്കൽ വാർഷിക കണക്ക് തയ്യാറാക്കൽ എന്നിവയൊന്നും ചെയ്യുന്നില്ല. ആശുപത്രി എച്ച് എം സി യുടെ 03.09.2024 ലെ നീക്കിയിരിപ്പ് ₹3166436/- ആണ്. ഇത്രയും വലിയ തുക കൈകാര്യം ചെയ്യുന്ന സ്ഥാപനം വാർഷിക കണക്ക് തയ്യാറാക്കുകയോ ഓഡിറ്റിന് വിധേയമാകുകയോ ചെയ്യാതിരിക്കുന്നത് ക്രമവിരുദ്ധമാണ്. 2014-15 സാമ്പത്തിക വർഷം മുതലുള്ള വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

**1-15 വൈദ്യുതീകരണ പ്രവർത്തികൾക്ക് അധികം തുക അനുവദിച്ചു-നഷ്ടം ₹36445**

അങ്കണവാടി വൈദ്യുതീകരണം, എം.സിഎഫ് വൈദ്യുതീകരണം എന്നീ പ്രോജക്ടുകളിൽ നിർവ്വഹിച്ചതിലും അധികം എണ്ണം പ്രവൃത്തികൾ ബില്ലിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരിയ്ക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്റ്റിൽ തുക അനുവദിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്റ്റ് നമ്പർ പേര്, കരാറുകാരൻ, ടെണ്ടർ വേരിയേഷൻ | ബിൽ റഫറൻസ് നമ്പർ/തീയതി തുക₹ | ബിൽപ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തി കണക്കാക്കിയ ഇനം, എണ്ണം, തുക₹ | സ്ഥല പരിശോധനയിൽ നിർവ്വഹിച്ചതായി കണ്ട് ബോധ്യപ്പെട്ട ഇനം, എണ്ണം, കണക്കാക്കേണ്ട തുക₹ | അധികം കണക്കാക്കിയവയുടെ എണ്ണം തുക ₹ | ടെണ്ടർ വേരിയേഷൻ, ജി.എസ് .ടി എന്നിവ ഉൾപ്പെടുത്തി അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| 1 | 193/24, അങ്കണവാടികളുടെ വൈദ്യുതീകരണം, തെക്കേകുരിശുമല അങ്കണവാടി, (-25.61%) ശ്രീ.ഷാജിമോൻ എസ് | 23100452012500632692 07.10.2023 207115 | സീലിംഗ് ഫാൻ സ്ഥാപിയ്ക്കൽ 4 4x2212.04= 8848.16 | സീലിംഗ് ഫാൻ 2 2x2212.04= 4424.08 | 2(4-2) 2x2212.04= 4424.08 | ടെണ്ടർ വേരിയേഷൻ-(-25.61%) 4424.08x 25.61/100 =1133 4424.08-1133 =3291.08 ജി എസ് ടി= 18% 3291.08x18/100 =592.39 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അധികം അനുവദിച്ച തുക<br>3291.08+592.39 =3883.47<br>=3884 |
| 2 | " | " | എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കൽ<br>2<br>2x2182.47= 4364.94 | എക്സ്ഹോസ്റ്റ് ഫാൻ<br>1<br>1x2182.47= 2182.47 | 1<br>1x2182.47= 2182.47 | ടെണ്ടർ വേരിയേഷൻ-(25.61%)<br>2182.47x 25.61/100 =558.93<br>2182.47-558.93 =1623.54<br>ജി എസ് ടി= 18%<br>1623.54x18/100 =292.23<br>അധികം അനുവദിച്ച തുക =1623.54+294.23 =1915.77=1916 |
| 3 | 193/24,അംഗനവാടി വൈദ്യുതീകരണം,<br>30 ഏക്കർ അംഗൻവാടി (-25.61%)<br>ഷാജിമോൻ എസ് | " | സീലിംഗ് ഫാൻ സ്ഥാപിക്കൽ<br>5<br>5x2212.04= 111060.2 | 4<br>4x2212.04= 8848.16 | 1(5-4)<br>1x2212.04= 2212.04 | ടെണ്ടർ വേരിയേഷൻ-(25.61%)<br>2212.04x 25.61/100 =566.50<br>2212.04-566.50 =1645.54<br>ജി എസ് ടി=18%<br>1645.54x18/100 =296.2<br>അധികം അനുവദിച്ച തുക<br>1645.54+296.2 =1941.74=1942 |
| 4 | " | " | എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കൽ<br>2<br>2x2182.47= 4364.94 | 1<br>1x2182.47= 2182.47 | 1<br>1x2182.47= 2182.47 | ടെണ്ടർ വാരിയേഷൻ-(25.61%)<br>2182.47x 25.61/100 =558.93<br>2182.47-558.93 =1623.54<br>ജി എസ് ടി=18%<br>1623.54x18/100 =292.24<br>അധികം അനുവദിച്ച തുക =1623.54+<br>292.24 =1915.78=<br>1916 |
| 5 | 168/24, MCFവൈദ്യുതീകരണം,<br>(-24.84%)<br>ഷാജിമോൻ എസ് | വൗച്ചർ നം. XVFC/2023-24/P/25 27/03/2024 146024 | 20 Watt LED Lamp സ്ഥാപിക്കൽ<br>18<br>18x1297.18= 23349.24 | 9(18-9)<br>9x1297.18=<br>11674.62 | 9x1297.18=<br>11674.62 | ടെണ്ടർ വേരിയേഷൻ-(-24.84%)<br>11674.62x 24.84/100 =2899.98<br>11674.62-2899.98 =8774.64<br>ജി എസ് ടി=18%<br>8774.64x18/100 =1579.44 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അധികം അനുവദിച്ച തുക =8774.64+ 1579.44=10354.08 =10354 |
| 6 | " (-24.84) | " | 36/40Watt LED Street Light സ്ഥാപിയ്ക്കൽ 4 4x4632.29= 18529.16 | ഒന്നും സ്ഥാപിച്ചിട്ടില്ല | 4 4x4632.29= 18529.16 | ടെണ്ടർ വാരിയേഷൻ-(-24.84%) 18529.16x 24.84/100 =4602.64 18529.16-4602.64- =13926.52 ജി എസ് ടി=18% 13926.52x18/100 =2506.77 അധികം അനുവദിച്ച തുക=13926.52+ 2506.77 =16433.29= 16433 |
| ആകെ അധികം അനുവദിച്ച തുക= 3884+1916+1942+1916+10354+16433=36445 | | | | | | 36445 |

അധികം അനുവദിച്ച തുക ₹36445/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി, രേഖകൾ സഹിതം അറിയിക്കേണ്ടതാണ് .ഇക്കാര്യത്തിൽ നൽകിയ 13/05.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

**1-16 വാഹനവാടകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല**

1961 ലെ Income Tax Act Rule 194( C ) പ്രകാരം ഒരു ബില്ലിൽ 30000 രൂപയിൽ അധികം വരുന്നതും ഒരു വർഷത്തിൽ ആകെ 100000 രൂപയിൽ അധികം വരുന്നതുമായ തുകകൾ അനുവദിയ്ക്കുന്ന സാഹചര്യത്തിൽ 1% IT-TDS നടത്തേണ്ടതാണ്.

2023-24 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആവശ്യത്തിന് വാഹനം ഓടിയതിന് കരാറുകാരൻ ബിജു.എം.എസിന് താഴെ പറയും വിധം വാഹനവാടക നൽകിയിട്ടുണ്ട് .എന്നാൽ അനുവദിച്ച തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ.നമ്പർ | വാഹനം ഓടിയ മാസം | ബിൽ റഫറൻസ് നമ്പർ | തിയതി | തുക ₹ |
|---|---|---|---|---|
| 1 | 2023-ജൂൺ, ജൂലായ് | 231004520125004411O9 | 14.08.2023 | 71000 |
| 2 | 2023ആഗസ്റ്റ്, സെപ്റ്റംബർ | 231004520125006801 52 | 19.10.2023 | 71000 |
| 3 | 2023-ഒക്ടോബർ | 231004520125009851 43 | 27.12.2023 | 35500 |
| 4 | 2023- നവംബർ | 2310045201250112O885 | 25.01.2024 | 35500 |
| 5 | 2023-ഡിസംബർ | 2310045201250112O889 | 25.01.2024 | 35500 |

| | | | | |
|---|---|---|---|---|
| 6 | 2024-ജനവരി | 23100452012501323284 | 05.03.2024 | 35500 |
| 7 | 2024-ഫെബ്രുവരി | 23100452012501531210 | 25.03.2024 | 16000 |

നിയമപ്രകാരമുള്ള ആദായനികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ് . ഇക്കാര്യത്തിൽ നൽകിയ 13/05.09.2024 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-17 വീട് അറ്റകുറ്റപണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ വീട് അറ്റകുറ്റപ്പണി പ്രോജക്ടുകളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടില്ല. ആകെ ₹50000/- ധനസഹായം നിശ്ചയിച്ച പ്രോജക്ടിൽ ആദ്യ ഗഡുവായി ₹25000/- ഓരോ ഗുണഭോക്താവും കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ. നം. | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തിയതി | നൽകിയ തുക ₹ |
|---|---|---|---|---|
| 1 | ഷീബ.പി.എൻ,കുന്നനോലിൽ | 23100452008600921187 | 12.12.2023 | 25000 |
| 2 | എം.കെ.ശശിധരൻ ,മതിയത്ത് | 23100452008600921187 | 12.12.2023 | 25000 |
| 3 | സജിതസനൽ,മുണ്ടിയെരുമ | 23100452008600921187 | 12.12.2023 | 25000 |
| 4 | രാജമ്മകൃഷ്ണൻ,കുടിപുതുപറമ്പിൽ | 23100452008600921192 | 12.12.2023 | 25000 |
| 5 | അംബിക.പികെ,ക്ലവപ്ലാക്കൽ | 23100452008600930618 | 13.12.2023 | 25000 |
| 6 | മോളിമൈക്കിൾ, ശ്രുദ്രപൊൻവേലിയിൽ | 23100452008600930618 | 13.12.2023 | 25000 |
| 7 | രാധാമണിസുധാകരൻ ,ചാരുവള്ളിയിൽ | 23100452008600930636 | 13.12.2023 | 25000 |
| 8 | ഉണ്ണികൃഷ്ണൻ,തേഡ് ക്യാമ്പ് | 23100452008601544181 | 25.03.2024 | 25000 |

**II.പ്രോജക്ക് നമ്പർ-135/24, വീട് അറ്റകുറ്റപണി ,SCP**

ആകെ 100000/-രൂപ ധനസഹായം നിശ്ചയിച്ച പ്രോജക്ടിൽ ആദ്യഗഡുവായി 50000/-രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബിൽ റഫറൻസ് നമ്പർ | തിയതി | നൽകിയ തുക ₹ |
|---|---|---|---|---|
| 1 | വിജയൻ. സി.ആർ, ചൂരകുറ്റിക്കൽ | 23100452008600930676 | 13.12.2023 | 50000 |
| 2 | വിജയൻ പുത്തൻപുരയ്ക്കൽ | 23100452008600930671 | 13.12.2023 | 50000 |
| 3 | ശ്യാമള.വി,കണിയാൻവിള | 23100452008600930682 | 13.12.2023 | 50000 |
| 4 | സരോജിനി,പ്ലായോട്ടിൽ | 23100452008601139797 | 30.01.2024 | 50000 |
| 5 | കൃഷ്ണമൂർത്തി,പുതുക്കുടിയിൽ | 23100452008601559036 | 26.03.2024 | 50000 |
| 6 | കെ.ഗോപാലൻ,കല്ലൂർ | 23100452008601559036 | 26.03.2024 | 50000 |
| 7 | പാണ്ട്യൻ,ചുരുളി | 23100452008601559036 | 26.03.2024 | 50000 |
| 8 | വിപിൻദാസ് മോടിയിൽ | 23100452008601559036 | 26.03.2024 | 50000 |

വീട് അറ്റകുറ്റപണി പൂർത്തീകരിച്ച് വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ് . ഗുണഭോക്താക്കൾ വീട് അറ്റകുറ്റപണി പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ

12/06.09.2024ന് മറുപടി ലഭിച്ചിട്ടില്ല.

**1-18 ലൈഫ് ഭവനനിർമ്മാണം,വീട് അറ്റകുറ്റപ്പണി എന്നിവ പൂർത്തീകരിക്കാാത്തത് സംബന്ധിച്ച്**

താഴെ പറയുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയതും വീട് അറ്റകുറ്റപ്പണിക്കായി ധനസഹായം കൈപ്പറ്റിയതുമായ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം, അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് ഗുണഭോക്തൃ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു.

I.ലൈഫ് ഭവന പദ്ധതി

| ക്രമ.നമ്പർ | ഗുണഭോക്താവിന്റെ പേര് | ഇതുവരെ അനുവദിച്ച തുക ₹ | അവസാനം തുക അനുവദിച്ച തിയതി |
|---|---|---|---|
| 1 | മൂർത്തി , പുതുക്കാട്, പാമ്പാടുമ്പാറ | 360000 | 14.12.2022 |
| 2 | സാജൻ.സി.കെ, ചിറയിൽ,നെല്ലിപ്പാറ | 300000 | 07.03.2023 |

II.വീട് അറ്റകുറ്റപ്പണി (SCP)

| ക്രമ.നമ്പർ | ഗുണഭോക്താവിന്റെ പേര് | ഇതുവരെ അനുവദിച്ച തുക ₹ | അവസാനം തുക അനുവദിച്ച തിയതി |
|---|---|---|---|
| 1 | മേഹനൻ. സി, അന്യാർതൊളു | 50000 | 23.12.2022 |
| 2 | രാജീവ്.എം.ജെ, മുളയ്ക്കൽ | 50000 | 06.02.2023 |

ഭവനനിർമ്മാണ, അറ്റകുറ്റപ്പണി പ്രവർത്തികൾ പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രവർത്തികൾ പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/06.09.2024 ന് മറുപടി ലഭിച്ചിട്ടില്ല.

**1-19 ഭവനനിർമ്മാണത്തിന് അധികമായി അനുവദിച്ച തുക തിരിച്ചടച്ചത് സംബന്ധിച്ച്**

ഭവനനിർമ്മാണത്തിന് അധികമായി 2022-23 ൽ അനുവദിക്കപ്പെട്ട 111200/- രൂപയിൽ 40000/- രൂപ ഗുണഭോക്താവ് ശ്രീമതി മയിലമ്മ 2023-24 ൽ ഗ്രാമപഞ്ചായത്തിൽ 27.09.2023 ലെ 1230300615/G060301 രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. ഈ തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.12/06.09.24) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കേണ്ടതാണ്.

**1-20 ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു**

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ-യുടെ നെടുങ്കണ്ടം ശാഖയിൽ (IFSC: SBIN0070216) ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത് (അക്കൗണ്ട് നം. 67393427209). 31.07.2024 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹1216636/- ബാക്കിയുണ്ടായിരുന്നു. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-21 കോൺക്രീറ്റ് വർക്കുകൾക്കായി മെറ്റീരിയൽ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും മേൽപ്രകാരം ജി.എസ്.ടി കുറവ് വരുത്തിയിട്ടില്ല**

2017ലെ CGSTആക്റ്റ് വകുപ്പ് 51(1), SGSTആക്റ്റ് വകുപ്പ് 5(1) എന്നിവ പ്രകാരം കരാർ മൂല്യം 2.5 ലക്ഷത്തിൽ കൂടുതൽ വരുന്ന സാധനങ്ങൾക്കും സേവനങ്ങൾക്കും സ്രോതസ്സിൽ നിന്നും 2% GST( 1% CGST, 1% SGST) കുറവ് ചെയ്ത് സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്. പാമ്പാടുമ്പാറ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ കോൺക്രീറ്റ് വർക്കുകൾക്കായി മെറ്റീരിയൽ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും മേൽപ്രകാരം ജി.എസ്.ടി കുറവ് വരുത്തിയിട്ടില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ.നം. | പ്രവൃത്തിയുടെ പേര് | ആകെ ചെലവ്, ₹ | മെറ്റീരിയൽ വില, (ജിഎസ് ടി ഉൾപ്പെടെ) ₹ | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | വട്ടക്കുഴി തറപ്പേൽ പടി റോഡ് കോൺക്രീറ്റിംഗ് | 410095 | 346023 | കുറിഞ്ഞിയിൽ ബിൽഡേഴ്സ്, തടിയമ്പാട് |
| | കാഞ്ഞിരത്തുമൂട്-പൂവേഴ് മൗണ്ട് റോഡ് | 409225 | 346023 | കുറിഞ്ഞിയിൽ ബിൽഡേഴ്സ്, തടിയമ്പാട് |

ഓഡിറ്റ് കാലയളവിൽ കരാറുകാരൻ 10966221/- രൂപയുടെ മെറ്റീരിയൽ വിതരണം ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ജി.എസ്.ടി ഈടാക്കി അടവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നികുതി ഈടാക്കിയ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/06.09.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-22 BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം-നടപ്പിലാക്കിയിട്ടില്ല**

BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

ഈസ് ഓഫ് ലിവിംഗ് എന്ന ആശയത്തിന്റെ ഭാഗമായി പൊതുജന ജീവിതം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും ഭരണ രംഗത്ത് കാര്യക്ഷമതയും സുതാര്യതയും പ്രവേഗവും വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ പേയ്മെന്റ് സംവിധാനം നടപ്പാക്കുന്നതിന് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ QR-CODE സംവിധാനം സജ്ജമാക്കി BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം നടപ്പാക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 ലെ LSGD/PD/46784/2023-REV2 നം. സർക്കുലർ അടിയന്തിര നടപടികൾക്കായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈസംവിധാനം നടപ്പാക്കിയിട്ടില്ല. QR-CODE സംവിധാനം സജ്ജമാക്കി BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം നടപ്പാക്കാത്തതിന്റെ കാരണം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/തീയതി 04.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. QR-CODE സംവിധാനം സജ്ജമാക്കി BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റ് സംവിധാനം നടപ്പാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-23 പാലിയേറ്റീവ് പരിചരണത്തിൽ-അപാകതകൾ**

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട പദ്ധതി മാർഗ്ഗരേഖ (സ.ഉ.(സാധാ) 553/2019/ത.സ്വ.ഭ.വ തീയതി 07.03.2019) പ്രകാരമാണോ നടപ്പാക്കിയത് എന്ന് പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ മാർഗ്ഗരേഖ ഖണ്ഡിക- 2.6.3 പ്രകാരമുള്ള ആവശ്യമായ വിവരങ്ങൾ/രേഖപ്പെടുത്തലുകൾ ഇല്ല

2. ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമായ സേവനങ്ങൾ എന്തെക്കെയെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങണമെന്ന് മാർഗ്ഗരേഖ ഖണ്ഡിക- 2.6.4 ൽ പറയുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. (മാർഗ്ഗരേഖ ഖണ്ഡിക- 2.9.2) എന്നാൽ പി.എം.സി മിനിറ്റ്സ് ബുക്ക് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം എത്ര തവണ യോഗം ചേർന്നിട്ടുണ്ട് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല കണക്കുകൾ അവതരിപ്പിച്ചിട്ടുണ്ടോ എന്നോ തൊട്ടടുത്ത മാസങ്ങളിലെ പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല.

4. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ദീർഘകാലത്തെ മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേണ്ടി വരികയോ ചെയ്യുന്ന എല്ലാ രോഗികളെയും, ആശ വർക്കർമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (മാർഗ്ഗരേഖ ഖണ്ഡിക- 2.2.1)

5. പാലിയേറ്റീവ് ഹോംകെയർ മാസത്തിൽ 20 ൽ കുറയാത്ത ഹോം വിസിറ്റ് നടത്തണം എന്ന നിബന്ധന പാലിച്ചതായി കാണുന്നില്ല. 2023 ഏപ്രിൽ മാസത്തിൽ 16 ഹോംകെയർ വിസിറ്റ് നടത്തിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി, കുറവ് ഹോംകെയർ വിസിറ്റ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 1 മുതൽ 5 വരെയുള്ള എല്ലാ പരാമർശങ്ങൾക്കും വിശദീകരണം രേഖാമൂലം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/തീയതി 05.09.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-24 പാലിയേറ്റീവ് നഴ്സിനു ഫോൺ അലവൻസ് അധികം തുക നൽകി**

പാലിയേറ്റീവ് നഴ്സ് ശ്രീമതി. ജാൻസി കുട്ടപ്പന് ഫോൺ അലവൻസ് ആയി 01.04.2023 മുതൽ നാളിതുവരെ 50 രൂപ വീതം അധികം നൽകി. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കേണ്ട പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പരിഷ്കരിച്ച മാർഗ്ഗരേഖ(സ. ഉ. (സാധാ.) നം.553/2019 തീ.7.03.2019) യിലെ 2.13.11 പ്രകാരം ഗൃഹസന്ദർശന സമയത്ത് രോഗികളുടെ രോഗവിവരങ്ങൾ ഡോക്ടർമാരുമായി ചർച്ച ചെയ്ത് പരിചരണ നിർദ്ദേശങ്ങൾ തേടുന്നതിനും, പരിശീലന പരിപാടികൾ/ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുന്നതിനും, സന്നദ്ധ പ്രവർത്തകരെ ഏകോപിപ്പിക്കുന്നതിനുമായി കമ്മ്യൂണിറ്റി നഴ്സിന് പ്രതിമാസം 200/- രൂപ വീതം ഫോൺ അലവൻസ് ഇനത്തിൽ ഉപാധികൾ കൂടാതെ നൽകേണ്ടതാണ് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളപ്പോൾ മാർഗ്ഗരേഖക്ക് വിരുദ്ധമായി ₹250/- വീതം തുക നൽകി. ഇപ്രകാരം 2023-2024 ൽ അധികമായി കൈപ്പറ്റിയ തുക ₹600/-ഉം തുടർ മാസങ്ങളിൽ അധികമായി കൈപ്പറ്റിയ തുകയും ടിയാളിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/തീയതി. 05.09.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-25 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ആകെ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല**

പ്രോജക്ട് നമ്പർ. - 118

നിർവഹണ ഉദ്യോഗസ്ഥൻ - ഹോമിയോ മെഡിക്കൽ ഓഫീസർ

അടങ്കൽ - ₹300000 /- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് - ₹300000/-

ബിൽ റഫറൻസ് നം. – 23100452008700792900 തീ.15.11.23 ₹.300000/-

മേൽ ബിൽ പ്രകാരം ആലപ്പുഴ ഹോംകോയിൽ ഒടുക്കിയ 300000/- രൂപയിൽ ₹80146/- ന്റെ മരുന്ന് 20.03.24 ലെ എൽ എഫ് 3267 ഇൻവോയ്സ് പ്രകാരം ലഭിച്ചത് സ്റ്റോക്കിൽ ചേർത്തിട്ടുണ്ട്. ബാക്കിയുള്ള ₹219854/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് വിവരം രേഖാമൂലം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-26 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല വിശദാംശം ലഭ്യമാക്കേണ്ടതു സംബന്ധിച്ച്.**

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ പി എച്ച് സി-യ്ക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി ചെലവഴിച്ച മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ തുക₹ | ചെലവഴിച്ച തുക₹ | ബി ആർ എൻ നം. | തീയതി | ആകെ₹ | കിട്ടിയ മരുന്ന്₹ | കിട്ടാനുള്ള മരുന്ന്₹ |
|---|---|---|---|---|---|---|---|---|
| 1 | 121/24 | 600000 | 587388 | 23100452008300954568 | 19.12.23 | 156764 | 114307 | 42457 |
| | | | | 23100452008300642087 | 10.10.23 | 430624 | 388434 | 42190 |
| 2 | 141/24 | 350000 | 250000 | 23100452008301506173 | 24.03.24 | 250000 | 62829 | 187171 |
| 3 | 234/24 | 300000 | 300000 | 23100452008301155104 | 02.02.24 | 300000 | 177860 | 122140 |
| 4 | 136/24 | 100000 | 85000 | 23100452008300870212 | 01.12.23 | 85000 | 65300 | 19700 |
| | **ആകെ** | | **1222388** | | | **1222388** | **808730** | **413658** |

2023-24 വർഷം പി എച്ച് സി-യ്ക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി മേൽ ബിൽ പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് അടവാക്കിയെങ്കിലും മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമായിട്ടില്ല. ടി മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/തീയതി 05.09.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 413658/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖാമൂലം റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

## 1-27 സ്ഥിര നിക്ഷേപം വിവിധ അപാകങ്ങൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ വിവിധ സഹകരണ സ്ഥാപനങ്ങളിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു

1. ) 03.08.2022ൽ ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്കിൽ 9 ശതമാനം പലിശ നിരക്കിൽ എഫ്.ഡി. നമ്പർ - 002352 പ്രകാരം 1000000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപത്തിന്റെ കാലാവധി 03.08.2023 ൽ അവസാനിച്ചെങ്കിലും നാളിതുവരെ തുക പലിശ സഹിതം പിൻവലിക്കുകയോ, പലിശ മുതൽക്കൂട്ടി നിക്ഷേപം പുതുക്കുകയോ ചെയ്തിട്ടില്ല. സ്ഥിര നിക്ഷേപ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ നിലവിൽ തുകയുടെ അവസ്ഥ സംബന്ധിച്ച് വ്യക്തതയില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 11/05.09.2024) നൽകിയതിനെ തുടർന്ന് കാലാവധി അവസാനിച്ച തീയതി മുതൽ (03.8.2023) 9 % പലിശ നിരക്കിൽ 90000/- രൂപ പലിശ ഉൾപ്പെടെ 10,90000/- രൂപ 03.08.2025 വരെയുള്ള കാലയളവിലേക്ക് 06.09.2024 ൽ പുതുക്കി രസീതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി രസീത് പ്രകാരം 03.08.02023 മുതൽ 04.08.2023 വരെ 9% പലിശ നിരക്കിൽ 1090000/- രൂപയ്ക്ക് ലഭിക്കേണ്ടിയിരുന്ന 91800/- രൂപ മുതലിൽ കൂട്ടി ക്രമീകരിക്കാതെയാണ് 06.09.2024 ൽ 03.08.2023 മുതലുള്ള മുൻകാല പ്രാബല്ല്യത്തിൽ സ്ഥിര നിക്ഷേപം പുതുക്കിയത്. യഥാസമയം സ്ഥിര നിക്ഷേപം പുതുക്കാത്തതുമൂലം പലിശ ഇനത്തിലുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 03/08/2022 നിക്ഷേപിച്ച തുക | വർഷാവസാനം ലഭിക്കേണ്ട പലിശ | 03/08/2023 ൽ പലിശ മുതൽ കൂട്ടിയ ശേഷമുള്ള തുക | വർഷാവസാനം ലഭിക്കേണ്ട പലിശ | 03/08/2024 ൽ പലിശ മുതൽ കൂട്ടിയ ശേഷമുള്ള തുക | വർഷാവസാനം ലഭിക്കേണ്ട പലിശ | 03/08/2025 ൽ പലിശ മുതൽ കൂട്ടിയ ശേഷം |
|---|---|---|---|---|---|---|---|
| യഥാ സമയം പുതുക്കിയിരുന്നെങ്കിൽ ലഭിക്കേണ്ടിയിരുന്ന തുക | 1000000 | 90000 | 1090000 | 98100 | 1188100 | 106929 | 1295029 |
| നിലവിലെ സാഹചര്യത്തിൽ ലഭിക്കുന്ന തുക | 1000000 | 90000 | 1090000 | 6.09.2024 ൽ 03.08.2023 മുതലുള്ള മുൻകാല പ്രാബല്ല്യത്തിൽ സ്ഥിര നിക്ഷേപം 2 വർഷത്തേക്ക് പുതുക്കിയത് പ്രകാരം | | | 1286200 |
| **കുറവ് വന്ന തുക** | | | | | | | **8829** |

2.) 28.06.2021 ൽ ഇടുക്കി ജില്ല പഞ്ചായത്ത് എംപ്ലോയിസ് കോ ഓപ്പറേറ്റിവ് സൊസൈറ്റിയുടെ തൊടുപുഴ ശാഖയിൽ. 6 ശതമാനം പലിശ നിരക്കിൽ മൂന്നു മാസത്തേക്ക് 1040000 രൂപ നിക്ഷേപിക്കുകയും (എഫ്.ഡി നമ്പർ – 0132) 28.10.2021 മുതൽ 28.02.2023 വരെ തുടർച്ചയായ കാലയളവിലേക്ക് രണ്ടു തവണ പുതുക്കുകയും ചെയ്തിട്ടുണ്ട്. രസീത് പ്രകാരം 39820 രൂപ മാത്രമാണ് പലിശ ഇനത്തിൽ ലഭ്യമായതും മുതലിനോട് കൂട്ടുകയും ചെയ്തിട്ടുള്ളത്. 2 വർഷത്തിലധികം വരുന്ന കാലയളവിലേക്ക് 1040000 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായി പലിശ ലഭ്യമാക്കുകയോ മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. സ്ഥിര നിക്ഷേപ രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ തുകയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വ്യക്തതയില്ല. സ്ഥിര നിക്ഷേപത്തിന്റെ കാലാവധി 28.02.2023 ൽ അവസാനിച്ച ശേഷവും നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ (നമ്പർ 11/05.09.2024) ഭരണസമിതി തീരുമാനത്തിനനുസരിച്ച് മേൽ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3) മേൽ സൂചിപ്പിച്ച സ്ഥിര നിക്ഷേപ രസീതുകൾ പ്രകാരമുള്ളത് 2079820 രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ B-12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് 2082166 രൂപയാണ്. 2346 രൂപയുടെ വ്യത്യാസം ഉണ്ട്.

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4(D) അനുസരിച്ച്, പഞ്ചായത്തിലെ മിച്ച ഫണ്ട് നിക്ഷേപിക്കപ്പെടുന്ന സഹകരണ സ്ഥാപനങ്ങൾ ഓഡിറ്റ് തരംതിരിവിൽ 'ബി' യിൽ കുറയാത്ത പദവിയുള്ളവയായിരിക്കേണ്ടതാണ്. നിലവിൽ സ്ഥിരനിക്ഷേപങ്ങൾ നടത്തിയിട്ടുള്ള മേൽ സ്ഥാപനങ്ങളുടെ യോഗ്യത സ്ഥിരീകരിക്കുന്ന രേഖകൾ സഹിതം ക്രമ നമ്പർ 2 പ്രകാരമുള്ള സ്ഥിര നിക്ഷേപ കാലാവധി അവസാനിച്ച ശേഷം പലിശ ലഭ്യമാക്കി പുതുക്കുകയോ പിൻവലിക്കുകയോ ചെയ്യാത്തതിലും, ക്രമ നമ്പർ 1 പ്രകാരമുള്ള സ്ഥിര നിക്ഷേപം കാലാവധി അവസാനിച്ചിട്ടും പലിശ ലഭ്യമാകാത്ത സാഹചര്യത്തിലും പുതുക്കിയ നടപടിക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-28 നിക്ഷേപിച്ച ചെക്കുകൾ ക്രഡിറ്റായിട്ടില്ല**

വലിയ തോവാള സർവ്വീസ് സഹകരണ ബാങ്കിലെ 5,4414 നമ്പർ തനത് ഫണ്ട് അക്കൗണ്ടുകളിൽ 2024 ജൂലൈ മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡിപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് എന്ന ഗണത്തിൽ കാലഹരണപ്പെട്ട ചെക്കുകൾ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അക്കൗണ്ട് നമ്പർ | 5 | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | വൌച്ചർ നമ്പർ | തിയതി | ഇൻസ്ട്രുമെന്റ് നമ്പർ | തിയതി | തുക |

| | | | | | |
|---|---|---|---|---|---|
| 1 | 1230301916 | 17-02-2024 | 5182198 | 15-02-2024 | 11,000.00 |
| 2 | 1240300299 | 05-06-2024 | 637798 | 01-06-2024 | 1,500.00 |
| 3 | 1230000101 | 31-10-2023 | 199 | 30-09-2023 | 33,800.00 |
| 4 | 1230300889 | 02-12-2023 | 875668 | 01-12-2023 | 1,500.00 |
| 5 | 1230300284 | 12-07-2023 | 875398 | 07-07-2023 | 1,501.00 |
| 6 | 117150400007 | 02-03-2018 | 061824 | 08-01-2018 | 7,500.00 |
| 7 | 1210102279 | 07-03-2022 | 1856586 | 05-03-2022 | 11,700.00 |
| 8 | 1220102473 | 22-02-2023 | 3618317 | 21-02-2023 | 25,000.00 |
| 9 | 1230300593 | 23-09-2023 | 737960 | 23-09-2023 | 90,650.00 |
| | അക്കൌണ്ട് നമ്പർ | 4414 | | | |
| 10 | 1240300017 | 08-04-2024 | 875994 | 05-04-2024 | 1,500.00 |
| **ആകെ** | | | | | **185651** |

മേൽ ചെക്കുകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ.04/04.09.2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 5,6 ഒഴികെയുള്ള ചെക്കുകൾ രസീത് ചെയ്തതിൽ വന്ന പിഴവാണെന്നും. തുക ഈടാക്കിയിട്ടുണ്ടെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്. അക്കൗണ്ടിൽ എത്തിയ തുകകൾ റിക്കൺസിലിയേഷനിൽ ക്രമീകരിക്കേണ്ടതാണ്. ക്രമ നമ്പർ 5,6 പ്രകാരമുള്ള ചെക്കുകൾ ഏത് സ്ഥാപനത്തിൽ/വ്യക്തിയിൽ നിന്ന് ഏതിനത്തിൽ ലഭിച്ചതാണെന്ന് കണ്ടെത്തി അവയ്ക്ക് നല്കിയ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതും ചെക്കുകൾ റീവാലിഡേറ്റ് ചെയ്തോ, പുതിയ ചെക്കുകൾ സ്വീകരിച്ചോ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

**1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം**

നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം

ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. 44.64 ചതുരശ്ര കിലോമീറ്ററിൽ 16വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൽ ആകെ 4801 വീടുകളും 265 സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 21172 ആണ്. 16ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 90ശതമാനം വാസഗൃഹങ്ങളും സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

**മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ**

**മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളത്.**

ടിപ്പിംഗ് ഏരിയ(1000 Sq.ft), സോർട്ടിംഗ് എരിയ(400sq.ft), സ്റ്റോറേജ് എരിയ(400sq.ft), മെഷീനറി ഏരിയ(1400sqft), 4ശുചിമുറികൾ, മതിയായ റോഡ്സൗകര്യം, ശുദ്ധജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം എം സി എഫിൽ ലഭ്യമായിട്ടുണ്ട്.

**ഹരിത കർമ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 35സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസം ഒരു പരിധി വരെ സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കിയതിലൂടെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിച്ചിട്ടുണ്ടെങ്കിലും അതിലൂടെയുള്ള ഫീസ് പിരിവ് സാധ്യമായിട്ടില്ല. വീടുകളിൽനിന്നും 50/-രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാരഹരിതകർമ്മസേന തരംതിരിച്ച് ക്ലീൻ കേരള മിഷന് കൈമാറുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിപണനത്തിലൂടെ നാമമാത്രമായ തുകയാണ് ഓഡിറ്റ് വർഷം പഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നു.

ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ

നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് പാരിതോഷികം**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഒപ്പം തന്നെ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനായി അത്തരം പ്രവൃത്തികൾ തെളിവ് സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴ തുകയുടെ മൂന്നിലൊന്ന് പാരിതോഷികം പ്രഖ്യാപിച്ചതും ഈ വിഷയത്തിലെ മികച്ച കാൽവെയ്പായി ഓഡിറ്റ് വിലയിരുത്തുന്നു. മാലിന്യം കത്തിച്ചതിനും അലക്ഷ്യമായി വലിച്ചെറിഞ്ഞതിനും പിഴയായി 42 കേസുകളിലായി ₹ 179200/- ഓഡിറ്റ് വർഷം ഈടാക്കിയ വസ്തുത ഇക്കാര്യത്തെ സാധൂകരിക്കുന്നു.

**മാലിന്യശേഖരണത്തിലെ കാര്യക്ഷമത**

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരം പൂർണമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ കോഡ് പതിക്കുകയും സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നുണ്ട്.

50 മൈക്രോണിൽ കുറവ് കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം, കൃത്യമായ ഇടവേളകളിൽ വ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകൾ, ബോധവത്ക്കരണ കാമ്പെയ്നുകൾ, ലഘുലേഖകളുടെ വിതരണം, തുടങ്ങിയവയിലൂടെ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. ഇവയുടെ ശേഖരണത്തിനായി 4 മിനി എം സി എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**തൊഴിൽ സൃഷ്ടിക്കൽ**

16 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാലിന്യ

ശേഖരണത്തിനും മാലിന്യം തരം തിരിക്കുന്നതിനും പ്രത്യേകം ദിവസം നിശ്ചയിച്ചിട്ടില്ല. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി ലഭ്യമാകുന്ന തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയാണ് ചെയ്യുന്നത്. പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കണമെന്ന നിർദ്ദേശം പ്രയോഗത്തിൽ വരുത്തിയിട്ടില്ല. ശരാശരി 12000/-രൂപയോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്.

**അടിസ്ഥാന സൗകര്യങ്ങൾ**

ശുചീകരണമേഖലയിൽ പഞ്ചായത്തിന്റെ സ്വന്തം പിക്കപ്പ് വാഹനം ഉപയോഗിക്കുന്നു. മതിയായ അടിസ്ഥാന സൌകര്യത്തോടെ ഒരു എം സി എഫും 4 മിനി എം സി എഫുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രധാന പാതയോരങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

**പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മാലിന്യസംസ്കരണം, ശേഖരണം എന്നിവയുമായി ബന്ധപ്പെട്ട് 2 ഹരിതസഭകൾ, കിലയുടെ പരിശീലനം,കുടുംബശ്രീയുടെ നേതൃത്വത്തി ലുള്ള പരിശീലനം എന്നിവ ലഭ്യമായിട്ടുണ്ട്.

**മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധികുടുംബങ്ങൾക്ക് താരതമ്യേന ഭേദപ്പെട്ട നിരക്കിൽ സാമ്പത്തിക നേട്ടം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും

നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

1) ബെയിലിങ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. എം സി എഫിലെ വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയാൽ മാത്രമേ ഫലപ്രദമായി മാലിന്യ നിർമ്മാർജ്ജനം സാധ്യമാകൂ.

2) ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച്, തരം തിരിച്ച്, താല്ക്കാലിക എം.സി.എഫിൽ സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ യഥാസമയം ക്ലീൻ കേരള കമ്പനി നീക്കം ചെയ്യാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. കൊണ്ടുപോകുന്നവയുടെ തന്നെ വില നല്കുന്നതിൽ കാലതാമസം വരുത്തുന്നു. അവ സമയബന്ധിതമായി കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന് സ്ഥാപനതലത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. ക്ലീൻ കേരള കമ്പനി വിമുഖത പ്രകടിപ്പിക്കുന്നപക്ഷം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര ഏജൻസികളുടെ സേവനം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

3) സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെലവഴിച്ച് ക്യൂ ആർ കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അത് പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. യൂസർഫീ കളക്ഷൻ , മാലിന്യക്കൈമാറ്റ പ്രക്രിയകൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്കരിച്ച പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

4) മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനാവാത്തതിനാൽ അംഗങ്ങൾ പിൻവലിയുന്ന സാഹചര്യമുണ്ട്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ് വസ്തുകകളുടെ റീസൈക്ലിംഗിനും മറ്റ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.

5) പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

6) പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

7) ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

8) വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

9) ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.

10) ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

11) ഹരിതകർമസേനാ പ്രവർത്തനൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.

12) ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വൈദ്യുതീകരണ പ്രവർത്തികൾക്ക് അധികം തുക അനുവദിച്ചു-നഷ്ടം ₹36445

അങ്കണവാടി വൈദ്യുതീകരണം, എം.സിഎഫ് വൈദ്യുതീകരണം എന്നീ പ്രോജക്ടുകളിൽ നിർവ്വഹിച്ചതിലും അധികം എണ്ണം പ്രവൃത്തികൾ ബില്ലിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഈ പ്രോജക്റ്റിൽ തുക അനുവദിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ പേര്, കരാറുകാരൻ, ടെണ്ടർ വേരിയേഷൻ | ബിൽ റഫറൻസ് നമ്പർ/തീയതി തുക₹ | ബിൽപ്രകാരം നിർവ്വഹിച്ചതായി രേഖപ്പെടുത്തി കണക്കാക്കിയ ഇനം, എണ്ണം, തുക₹ | സ്ഥല പരിശോധനയിൽ നിർവ്വഹിച്ചതായി കണ്ട് ബോധ്യപ്പെട്ട ഇനം, എണ്ണം, കണക്കാക്കേണ്ട തുക₹ | അധികം കണക്കാക്കിയവയുടെ എണ്ണം തുക ₹ | ടെണ്ടർ വേരിയേഷൻ, ജി.എസ് .ടി എന്നിവ ഉൾപ്പെടുത്തി അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|
| 1 | 193/24, അങ്കണവാടികളുടെ വൈദ്യുതീകരണം, തെക്കേകരിശുമല അങ്കണവാടി, (-25.61%) ശ്രീ.ഷാജിമോൻ എസ് | 23100452012500632692<br>07.10.2023<br>207115 | സീലിംഗ് ഫാൻ സ്ഥാപിക്കൽ<br>4<br>4x2212.04= 8848.16 | സീലിംഗ് ഫാൻ<br>2<br>2x2212.04= 4424.08 | 2(4-2)<br>2x2212.04= 4424.08 | ടെണ്ടർ വേരിയേഷൻ-(-25.61%)<br>4424.08x 25.61/100 =1133<br>4424.08-1133 =3291.08 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ജി എസ് ടി=18%<br>3291.08x18/100 =592.39<br>അധികം അനുവദിച്ച തുക<br>3291.08+592.39 =3883.47<br>=3884 |
| 2 | " | " | എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കൽ<br>2<br>2x2182.47= 4364.94 | എക്സ്ഹോസ്റ്റ് ഫാൻ<br>1<br>1x2182.47= 2182.47 | 1<br>1x2182.47= 2182.47 | ടെണ്ടർ വേരിയേഷൻ-(-25.61%)<br>2182.47x 25.61/100 =558.93<br>2182.47-558.93 =1623.54<br>ജി എസ് ടി= 18%<br>1623.54x18/100 =292.23<br>അധികം അനുവദിച്ച തുക=1623.54+<br>294.23 =1915.77=1916 |
| 3 | 193/24,<br>അങ്കണവാടി വൈദ്യുതീകരണം,<br>30 ഏക്കർ അംഗൻവാടി (-25.61%)<br>ഷാജിമോൻ എസ് | " | സീലിംഗ് ഫാൻ സ്ഥാപിക്കൽ<br>5<br>5x2212.04= 111060.2 | 4<br>4x2212.04= 8848.16 | 1(5-4)<br>1x2212.04= 2212.04 | ടെണ്ടർ വേരിയേഷൻ-(-25.61%)<br>2212.04x 25.61/100 =566.50<br>2212.04-566.50 =1645.54<br>ജി എസ് ടി=18%<br>1645.54x18/100 =296.2<br>അധികം അനുവദിച്ച തുക<br>1645.54+296.2 =1941.74=1942 |
| 4 | " | " | എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കൽ<br>2<br>2x2182.47= 4364.94 | 1<br>1x2182.47= 2182.47 | 1<br>1x2182.47= 2182.47 | ടെണ്ടർ വാരിയേഷൻ-(-25.61%)<br>2182.47x 25.61/100 =558.93<br>2182.47-558.93 =1623.54<br>ജി എസ് ടി=18%<br>1623.54x18/100 =292.24<br>അധികം അനുവദിച്ച തുക =1623.54+<br>292.24 =1915.78=<br>1916 |
| 5 | 168/24,<br>MCFവൈദ്യുതീകരണം,<br>(-24.84%)<br>ഷാജിമോൻ എസ് | വൗച്ചർ നം.<br>XVFC/2023-24/P/25<br>27/03/2024<br>146024 | 20 Watt LED Lamp സ്ഥാപിക്കൽ<br>18<br>18x1297.18= 23349.24 | 9(18-9)<br>9x1297.18=<br>11674.62 | 9x1297.18=<br>11674.62 | ടെണ്ടർ വാരിയേഷൻ- (-24.84%)<br>11674.62x 24.84/100 =2899.98<br>11674.62-2899.98 =8774.64<br>ജി എസ് ടി=18%<br>8774.64x18/100 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | =1579.44<br>അധികം അനുവദിച്ച തുക =8774.64+<br>1579.44=10354.08 =10354 |
| 6 | "<br>(-24.84) | " | 36/40Watt LED Street Light സ്ഥാപിക്കൽ<br>4<br>4x4632.29= 18529.16 | ഒന്നും സ്ഥാപിച്ചിട്ടില്ല | 4<br>4x4632.29= 18529.16 | ടെണ്ടർ വാരിയേഷൻ- (-24.84%)<br>18529.16x 24.84/100 =4602.64<br>18529.16-4602.64- =13926.52<br>ജി എസ് ടി=18%<br>13926.52x18/100 =2506.77<br>അധികം അനുവദിച്ച തുക=13926.52+<br>2506.77 =16433.29=<br>16433 |
| ആകെ അധികം അനുവദിച്ച തുക= 3884+1916+1942+1916+10354+16433=36445 | | | | | | 36445 |

അധികം അനുവദിച്ച തുക ₹36445/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി, രേഖകൾ സഹിതം അറിയിക്കേണ്ടതാണ് . ഇക്കാര്യത്തിൽ നൽകിയ 13/05.09.2024 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 2040000 | 205 – ലൈഫ് ഭവന പദ്ധതി ജനറൽ | 2040000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1350000 | 145 – ലൈഫ് ഭവന പദ്ധതി എസ് സി | 1350000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 130000 | 9 – ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 130000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 338296 | 153 – ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 338296 | 0 |
| | ആകെ | 3858296 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 360000 | 205 – ലൈഫ് ഭവന പദ്ധതി ജനറൽ | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000 | 145 – ലൈഫ് ഭവന പദ്ധതി എസ് സി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 390000 | 9 – ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 390000 | 0 |

| | |
|---|---|
| ആകെ | 950000 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷം ലഭിച്ച വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് | ജി. ഒ. എം. എസ്.68/2018 18/05/2018 | 58880000 | 40336197 | - | 4453976 | | 35882221 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ശീർഷകത്തിൽ ചേർത്തിരിക്കുന്ന ₹255537/-യുടെ ബാധ്യത ലോൺ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹20,4000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ₹20,4000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹20,4000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക ₹ | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (FD NO - 0132) | 28.10.2021 | 28.02.2022 മുതൽ 27.02.2023 വരെ | 1079820 | നിലവിൽ ലഭ്യമായ സർട്ടിഫിക്കറ്റ് പ്രകാരം ₹2079820/- മാത്രമാണുള്ളത്. എന്നാൽ വാർഷിക കണക്കിൽ ബി-12 പത്രികയിൽ സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | | ₹20,82,166/- ആകുന്നു. ₹2346/- വ്യത്യാസം വന്നിട്ടുണ്ട്. സ്ഥിര നിക്ഷേപ രജിസ്റ്റർ ആനുകാലിക മാക്കാത്തതിനാലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടി ല്ലാത്തതിനാലും സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയാണ് ഇവിടെ ചേർത്തിരിക്കുന്നത്. സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച വിവിധ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 11/05.09.2024 ൽ നൽകിയിരുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1- യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2 | ബാലഗ്രാം സർവ്വിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (FD NO - 2352) | 03-08-2022 | 03-08-2022 മുതൽ 2.08.2023 വരെ | 1000000 | |
| **ആകെ** | | | | **2079820** | |

**4-6 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹131265/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 2022-23 | 1-30 | 40,000 | ശ്രീമതി.മയിലമ്മ, | 1230300615/ 27.09.203 | എസ്-സി ലൈഫ് ഭവന നിർമ്മാണം അധിക തുക നൽകിയത് ഭാഗികമായി തിരികെ ഒടുക്കിയത് |
| 2022-23 | 1-16 | 5,000 | സർവ്വീസ് സഹകരണ ബാങ്ക് ഡിപ്പോ | 1230300855/ 29.11.203 | 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന പരാമർശ്ശത്തെ തുടർന്ന് ഈടാക്കിയ തുക |
| 2022-23 | 1-16 | 3,360 | ആപ്കോസ് – കുട്ടാർ | 1230300792/ 20/11/2023 | 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന പരാമർശ്ശത്തെ തുടർന്ന് ഈടാക്കിയ തുക |
| 2022-23 | 1-16 | 3,360 | ആപ്കോസ് – വലിയതോവാള | 1230300783/ 17/11/2023 | 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന പരാമർശ്ശത്തെ തുടർന്ന് ഈടാക്കിയ തുക |
| 2022-23 | 1-16 | 1,680 | ആപ്കോസ് – ചേമ്പളം | 1230300788/ 20.11.2023 | 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന പരാമർശ്ശത്തെ തുടർന്ന് ഈടാക്കിയ തുക |
| 2022-23 | 1-16 | 16,250 | എം.ഇ.എസ് കോളേജ് | 1230301141/ 22.12.2023 | 2022-23 ഓഡിറ്റ് റിപ്പോർട്ടിലെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന പരാമർശ്ശത്തെ തുടർന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കിയ തുക |
| 2018-19 | 3-2 | 61615 | സുരേഷ് കുമാർ പി.എസ് | 1230300362/ 27.07.2023 | |
| **ആകെ** | | **131265** | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 2-22 | 2000-01 | അദ്ധ്യായം-4 (41) | തൊഴിൽ കരം പിരിച്ച് ₹27900/- അപഹരിച്ചു | അക്കൗണ്ട് കമ്മിറ്റിയുടെ പരിഗണന യിലാണ് |
| വിഷയാധിഷ്ഠിത അവലോകനം | 2-1 | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാളി പെൻഷൻ - ഗുണഭോക്തൃ തെരഞ്ഞെടുപ്പും പെൻഷൻ വിതരണവും | - ടി - |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - ടി - |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | - ടി - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ (ഉണ്ട്/ ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1999-00 | ഖ-27, 29(11), 31 | ശ്രീ. ജി. ഗോപാലകൃഷ്ണൻ നായർ ജെ. എസ്. | എൽ എഫ്. 14049/03 തീ.13.01.04 | 7908 | 0 | ഇല്ല | | | | | 7908 | |
| 2 | 2000-01 | 24 | ശ്രീ. ആർ.കെ. സുനിൽകുമാർ | എൽ എഫ്. 14812/05 തീ.22.02.07 | 50000 | 0 | ഇല്ല | | | | | 50000 | |
| 3 | 2008-09 | ഖ 3-2 | ശ്രീ ഉഷാനന്ദൻ- എ.ഇ. | എൽ എഫ്. 16179/13 തീ.02.03.15/ 04.03.15 | 10629 | രസീത് നം. 1141510443 തീ. 09.10.14 | ഇല്ല | | | | | 0.00 | |
| 4 | 2000-01 | 26,31, 32,33, 34(2), 34(3), 41,42 | ശ്രീ. കെ. തങ്കപ്പൻ | എൽ എഫ്.14312 SP.CELL/ SC2/05 തീ.30/10/06 | 44046 | ചെക്ക് നം. 15983725 തീ. 25/04/07 | ഇല്ല | | | | | 0.00 | |
| 5 | 2002-03 | 3(7), 3(8) | ശ്രീ. പി.എ. പ്രകാശൻ | എൽ എഫ്. 2367 SP.CELL/ SC2/07 തീ.28/01/10 | 4789 | 0 | ഇല്ല | | | | | 4789 | |
| 6 | 2003-04 | 3(8), 3(11) | ശ്രീ. ഗോപാലൻ ചെട്ടിയാർ | എൽ എഫ്. 8513/ SPLCELL/ SC2/08 തീ.02/03/15 | 10000 | 0 | ഇല്ല | | | | | 10000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹21996077/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹37598417/- |
| ആകെ | ₹59594494/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹29162535/- |
| നീക്കിയിരിപ്പ് | ₹30431959/- |
| (കുറിപ്പ്:- പഞ്ചായത്തിന്റെ 2023-24 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹36385/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹229381/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | ₹36385/- | ശ്രീമതി.ഗീതു ജെ പണിക്കർ<br>അസിസ്റ്റന്റ് എഞ്ചിനിയർ |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-11 | 34181 | ശ്രീമതി.ശശികല കെ.എസ്, ഐ.സി,ഡി.എസ്.സൂപ്പർവൈസർ |
| 1-12 | 95200 | ശ്രീമതി.ബോൺസി ജോസഫ്, കൃഷി ഓഫീസർ |
| 1-13 | 100000 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക ₹ | |
|---|---|---|
| | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | കേന്ദ്രസർക്കാരിനുണ്ടായ നഷ്ടം |
| 1-10 | 739 | 739 |
| 1-16 | - | 3000 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഗീതു ജെ പണിക്കർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | പുന്നയ്ക്കൽചിറ തണ്ണീർമുക്കം പി.ഒ ചേർത്തല ആലപ്പുഴ |
| ശ്രീമതി.ബോൺസി ജോസഫ് കൃഷി ഓഫീസർ | കൃഷി ഓഫീസർ പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് | കയ്യുന്നപ്പാറയിൽ വലിയതോവാള പി.ഒ വലിയതോവാള |
| ശ്രീമതി.കെ.എസ്. ശശികല ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ വണ്ടന്മേട് ഗ്രാമപഞ്ചായത്ത് | കുന്നിനിയിൽ, സന്യാസിയോട പി.ഒ ഇടുക്കി. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2000-01)/ (അദാലത്ത്)/22/തീ.14.09.2022 | 3 | 23, 24, 26 |
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2003-04)/ (അദാലത്ത്)/22/ തീ.14.09.2022 | 2 | 3-8, 3-11 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2009-10)/(അദാലത്ത്)/22/തീ.14.09.2022 | 1 | 2-5 |
| 2010-11& 2011-12 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2010-11 & 2011-12)/(അദാലത്ത്)/22/ തീ.14.09.2022 | 11 | 2-1, 2-2, 3-2, 3-16 മുതൽ 3-23 വരെ |
| 2012-13 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2012-13)/(അദാലത്ത്)/2022/തീയതി. | 2 | 3-1, 3-5 |

| | | | |
|---|---|---|---|
| | 14.09.2022 | | |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (20113-14)/(അദാലത്ത്)/22/തീ.14.09.2022 | 3 | 3-2, 3-4, 3-5 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2014-15)/(അദാലത്ത്)/22/തീ.14.09.2022 | 3 | 2-1, 3-5, 3-10 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2014-15)/(അദാലത്ത്)/22/തീ.14.09.2022 | 9 | 2-1, 2-2, 2-3, 2-4, 3-1, 3-4, 3-5, 3-8, 3-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2016-17)/(അദാലത്ത്)/22/തീ.14.09.2022 | 3 | 2-4, 3-2, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2017-18)/(അദാലത്ത്)/22/തീ.14.09.2022 | 2 | 2-3, 3-2 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-പി6/1327/ (2018-19)/(അദാലത്ത്)/2022/തീയതി. 14.09.2022 | 9 | 1-15, 1-17, 1-18, 1-20, 1-21, 1-23(1), 1-26, 3-1, 3-2 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ- 14/372/2021 തീയതി 07/05/2021 | 12 | 1-2-4, 1-8, 1-9-2, 1-10-2, 1-11, 1-12, 1-14, 1-15, 1-21, 1-22, 1-24, 1-25, |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ- 12/1105/2022 തീയതി. 30.07.2022 | 10 | 1-9 മുതൽ 1-18 വരെ |
| 2021-22 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6- 255/2023 തീയതി. 25.04.23 | 19 | 1-9 മുതൽ 1-13 വരെ, 1-14-2, 1-14-3, 1-7 മുതൽ 1-23 വരെ, 1-25, 1-26, 3-1, 3-2 |
| 2022-23 | നം.കെ.എസ്.എ.ഐ.ഡി.കെ.പി6- 1063/2023 തീയതി. 16.11.2023 | 29 | 1-1-1 മുതൽ 1-1-4 വരെ, 1-3-1, 1-3-2, 1-8, 1-10 മുതൽ 1-20 വരെ, 1-21 മുതൽ 1-31 വരെ, 3-1, 3-2 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 11-07-2024 and submitted on 13-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Pampadumpara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pampadumpara Grama Panchayat as on 31-03-2024

Date: 07/11/2024

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Pampadumpara Grama Panchayat for the Year 2023-2024 .

**1.Major Observations**

1. Non disclosure of liability.
2. Asset register does not reliable for audit.

**2.Other Observations**

| | |
|---|---|
| 1 | Mandatory financial statements prescibed in accounting rules are not submitted for audit. Eg. Ratios and Notes |
| 2 | Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents |
| 3 | Lapse in making timely and accurate demant entries in respect of Tax and non tax revenue. |
| 4 | Depreciation provided for an asset more then the book value. |
| 5 | Cheques uncashed for more than 3 months were not transfered to Stale Cheque Account. |
| 6 | Lapsed deposit amount hasnot ben forfeited to the Panchayath Account. |
| 7 | The amount noted under the head Capital works in progress does not match with the actual amount expended |
| 8 | Register for fixed deposits has not been maintained. |
| 9 | B5th Schedule in balance sheet doesnot match and B16 $^{th}$ Schedule. |

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ഇടുക്കി ജില്ലയിലെ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്